5. ചികിത്സ രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ധനസഹായം നല്കിവരുന്നു.

6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴിയും മൃഗചികിത്സ രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇതുകൂടാതെ കേരളത്തെ കാലിരോഗ നിയന്ത്രണ മേഖലയാക്കുന്നതിന് 32.36 കോടി രൂപ ചെലവു വരുന്ന 5 വർഷം കൊണ്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്. ദേശീയ ക്ഷീരവികസന ബോർഡിന്റെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

രോഗം ബാധിച്ച നാൽകാലികളെ കൊണ്ടുവരുന്നതിന് നിയന്ത്രണം

101 (2550) ശ്രീ. എം. എ. വാഹിദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ്നാടിന്റെ ചില ഭാഗങ്ങളിൽ നിന്നും രോഗം ബാധിച്ച നാൽക്കാലികളെ ഇറച്ചിയുടെ ആവശ്യത്തിനായി കേരളത്തിലേക്ക് കൊണ്ടു വരുന്നതിന് എന്തെങ്കിലും പ്രത്യേക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലേക്ക് രോഗവാഹികളായ മൃഗങ്ങളെ കൊണ്ടു വരുന്നത് നിയന്ത്രിക്കുന്നതിനായി അതിർത്തികളിൽ സംസ്ഥാന സർക്കാർ 16 ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ചെക്ക് പോസ്റ്റുകളിൽ മൃഗങ്ങളെ പരിശോധിക്കുക, ആരോഗ്യ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക, രോഗമുള്ളവയെ തിരിച്ചയയ്ക്കുക, പ്രതിരോധ കുത്തിവയ്പ് എടുക്കാത്തവയ്ക്ക് കുത്തിവയ്പ് നല്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തു വരുന്നു.

(ബി) ബാധകമല്ല.

കൊമേരി, അട്ടപ്പാടി ആടുവളർത്തൽ കേന്ദ്രം

102 (2551) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെക്കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജില്ലാ പഞ്ചായത്ത് സംവിധാനത്തിന് ഏല്പിച്ച കൊമേരി, അട്ടപ്പാടി ആടുവളർത്തൽ കേന്ദ്രങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly